"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് -എക്സൈസ് ജീവനക്കാര്യം - തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ പുതുതായി ആരംഭിച്ച കെ.എസ്.ബി.സി എഫ്.എൽ-9 വെയർഹൗസുകളിലെ മേൽനോട്ടത്തിനായി എക്സൈസ് ഉദ്യോഗസ്ഥരുടെ തസ്തിക സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**നികുതി(എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.76/2025/TAXES     തീയതി,തിരുവനന്തപുരം, 21-08-2025

---

പരാമർശം:- 1. 03.02.2022- ലെ സ.ഉ(കൈ) 11/2022/നി.വ

2. എക്സൈസ് കമ്മീഷണറുടെ 21.10.2022 തീയതിയിലെ ഇ.എക്സ്.സി/5360/2021-എക്സ്.സി 3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ പുതുതായി ആരംഭിച്ച കെ.എസ്.ബി.സി എഫ്.എൽ-9 വെയർഹൗസുകളിലെ മേൽനോട്ടത്തിനായി എക്സൈസ് ഉദ്യോഗസ്ഥരുടെ തസ്തിക സൃഷ്ടിക്കുന്നതിനായി പരാമർശം (2) കത്ത് പ്രകാരം എക്സൈസ് കമ്മീഷണർ ശുപാർശ സമർപ്പിക്കുകയുണ്ടായി. പരാമർശം (1) പ്രകാരം പുതുതായി 17 കെ.എസ്.ബി.സി എഫ്.എൽ-9 വെയർഹൗസുകൾ സ്ഥാപിക്കാൻ അനുമതി നൽകി ഉത്തരവായിരുന്നു. ആയതിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ എഫ്.എൽ-9 വെയർഹൗസുകൾ ആരംഭിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട് എന്നും എന്നാൽ ടി എഫ്.എൽ-9 വെയർഹൗസുകളിൽ എക്സൈസ് ഉദ്യോഗസ്ഥരുടെ തസ്തിക അനുവദിച്ചിട്ടില്ല എന്നും എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. കൂടാതെ, പുതുതായി ആരംഭിച്ച വെയർ ഹൗസുകളിൽ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിന് നിലവിലെ ഉദ്യോഗസ്ഥർക്ക് അധിക ചുമതല നൽകിയിട്ടുള്ളതാണെന്നും എക്സൈസ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വിമുക്തി പ്രവർത്തനങ്ങളും അബ്കാരി നിയമപ്രകാരമുള്ള ലൈസൻസ് സ്ഥാപനങ്ങളുടെ പരിശോധനയും നടത്താൻ ചുമതലപ്പെടുത്തിയിട്ടുള്ള എക്സൈസ് വകുപ്പിൽ ജീവനക്കാരുടെ അംഗബലം വളരെ കുറവായതിനാൽ നിലവിലുള്ള ഉദ്യോഗസ്ഥർക്ക് അധിക ചുമതല അധികകാലം നൽകുന്നത് എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക്

തടസമുണ്ടാക്കും എന്നും എക്സൈസ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. കൂടാതെ എഫ്.എൽ-9 വെയർഹൗസുകളിൽ നിയമിക്കുന്ന എക്സൈസ് ഉദ്യോഗസ്ഥരുടെ **Cost of Establishment** നിയമപ്രകാരം കെ.എസ്.ബി.സി വഹിക്കേണ്ടതിനാൽ ഈ ഇനത്തിൽ സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല എന്നും കമ്മീഷണർ അറിയിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരു വർഷ കാലാവധിയ്ക്ക് ശേഷം **cost of establishment** അടച്ച വിവരങ്ങൾ സഹിതം തുടർച്ചാനുമതി പ്രൊപ്പോസൽ ലഭ്യമാക്കണമെന്നും, ഇത്തരത്തിൽ സൃഷ്ടിക്കപ്പെടുന്ന തസ്തികകൾ വകുപ്പിലെ കേഡർ സ്ട്രെങ്ത് കണക്കാക്കാൻ കണക്കിലെടുക്കാൻ പാടില്ല എന്ന വ്യവസ്ഥയോടെയും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ പുതുതായി ആരംഭിച്ച കെ.എസ്.ബി.സി എഫ്.എൽ-9 വെയർഹൗസുകളിൽ മേൽ നോട്ടത്തിനായി ചുവടെപ്പറയുന്ന തസ്തികകൾ ഒരു വർഷത്തേയ്ക്ക് സൃഷ്ടിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം | തസ്തികയുടെ പേര് | തിരുവനന്തപുരം | എറണാകുളം | കോഴിക്കോട് | ആകെ തസ്തിക |
|---|---|---|---|---|---|
| 1 | എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ | 1 | 1 | 1 | 3 |
| 2 | പ്രിവന്റീവ് ഓഫീസർ | 1 | 1 | 1 | 3 |
| 3 | സിവിൽ എക്സൈസ് ഓഫീസർ | 1 | 1 | 1 | 3 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ,തിരുവനന്തപുരം
2.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് -ഇ.ആർ.എസ്.എ),കേരളം, തിരുവനന്തപുരം
3.പൊതുഭരണ(എസ്.സി) വകുപ്പ് (ഇനം. നം. 3194 തീയതി 20.08.2025)
4.ധനകാര്യ വകുപ്പ്(വ്യയം -ബി1/580/2022-ധന തീയതി 5.07.2025 )
5.വെബ്&ന്യൂ മീഡിയ
6.കരുതൽ ഫയൽ /ഓഫീസ് കോപ്പി(എഫ്1/289/2022/നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Hemalatha Das
സെക്ഷൻ ഓഫീസർ
Date: 21-08-2025 15:49:26

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 20-08-2025**

ഫയൽ നം. എഫ്1/289/2022/നി.വ. ഇനം നം: 3194

വിഷയം : നികുതി വകുപ്പ് - എക്സൈസ് ഭരണപരം - തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ പുതുതായി ആരംഭിച്ച കെ.എസ്.ബി.സി. എഫ്.എൽ-9 വെയർഹൗസുകളിൽ മേൽനോട്ടത്തിനായി എക്സൈസ് ഉദ്യോഗസ്ഥരുടെ തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്.

SO(F)
2/8
AS

3194

കേരള സർക്കാർ
(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം.എഫ്1/289/2022/നി.വ. |
| 2 | വകുപ്പ് | : | നികുതി (എഫ്) വകുപ്പ്. |
| 3 | വിഷയം | : | എക്സൈസ് വകുപ്പ് - എക്സൈസ് ഭരണപരം - തിരുവനന്തപുരം, എറണാകുളം ,കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ പുതുതായി ആരംഭിച്ച കെ.എസ്.ബി.സി എഫ്.എൽ 9 വെയർഹൗസുകളിൽ മേൽ നോട്ടത്തിനായി എക്സൈസ് ഉദ്യോഗസ്ഥരുടെ തസ്തിക സൃഷ്ടിക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 30.07.2025 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഉണ്ട് |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, , ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.പ്രമോദ്.എം.വി |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.കെ.ആർ.ജ്യോതിലാൽ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 16.08.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ.ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 18.08.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ..എം.ബി.രാജേഷ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 19.08.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 19.08.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ പുതുതായി ആരംഭിച്ച കെ.എസ്.ബി.സി എഫ്.എൽ 9 വെയർഹൗസുകളിൽ മേൽ നോട്ടത്തിനായി എക്സൈസ് ഉദ്യോഗസ്ഥരുടെ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ വിഷയം.

2. നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന FL9 വെയർഹൗസുകളിൽ ഒരു എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, ഒരു പ്രിവന്റീവ് ഓഫീസർ, രണ്ട് സിവിൽ എക്സൈസ് ഓഫീസർ എന്നീ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. 03.02.2022 ലെ സ.ഉ(കൈ) 11/2022/നി.വ പ്രകാരം പുതുതായി 17 കെ.എസ്.ബി.സി എഫ്.എൽ9 വെയർഹൗസുകൾ സ്ഥാപിച്ച് ഉത്തരവായിരുന്നു. ആയതിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ എഫ്.എൽ9 വെയർഹൗസുകൾ ആരംഭിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ടി എഫ്.എൽ 9 വെയർഹൗസുകളിൽ എക്സൈസ് ഉദ്യോഗസ്ഥരുടെ തസ്തിക അനുവദിച്ചിട്ടില്ല.

3. ഫോറിൻ ലിക്കർ റൂൾസ് 1953 – ലെ ചട്ടം 9A യുടെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു.

"The Commissioner shall post such officer or officers of the Excise Department as he deems fit, to be in charge of FL9 licence premises. All the transactions in the FL9 licence premises shall be under the supervision of the Excise staff posted in such premises. The cost of establishment of Excise staff posted in the FL9 licence premises shall be borne by the licensee concerned."

4. പുതുതായി ആരംഭിച്ച വെയർ ഹൗസുകളിൽ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിന് നിലവിലെ ഉദ്യോഗസ്ഥർക്ക് അധിക ചുമതല നൽകിയിട്ടുള്ളതാണെന്ന് എക്സൈസ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വിമുക്തി പ്രവർത്തനങ്ങളും അബ്കാരി നിയമപ്രകാരമുള്ള ലൈസൻസ് സ്ഥാപനങ്ങളുടെ പരിശോധനയും നടത്താൻ ചുമതലപ്പെടുത്തിയിട്ടുള്ള എക്സൈസ് വകുപ്പിൽ ജീവനക്കാരുടെ അംഗബലം വളരെ

കുറവായതിനാൽ നിലവിലുള്ള ഉദ്യോഗസ്ഥർക്ക് അധിക ചുമതല അധികകാലം നൽകുന്നത് എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് തടസമുണ്ടാക്കും എന്നും എക്സൈസ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. കൂടാതെ FL9 ഗോഡൗണുകളിൽ നിയമിക്കുന്ന എക്സൈസ് ഉദ്യോഗസ്ഥരുടെ Cost of Establishment നിയമപ്രകാരം KSBC വഹിക്കേണ്ടതിനാൽ ഈ ഇനത്തിൽ സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല എന്നും കമ്മീഷണർ അറിയിച്ചിട്ടുണ്ട്. ആകയാൽ പുതുതായി ആരംഭിച്ച എഫ്.എൽ 9 വെയർ ഹൗസുകളിൽ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് ചുവടെപ്പറയുന്ന തസ്തികകൾ സൃഷ്ടിക്കുന്നതിന് എക്സൈസ് കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

| ക്രമ നം. | തസ്തികയുടെ പേര് | തിരുവനന്തപുരം | എറണാകുളം | കോഴിക്കോട് | ആകെ തസ്തിക |
|---|---|---|---|---|---|
| 1 | എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ | 1 | 1 | 1 | 3 |
| 2 | പ്രിവന്റീവ് ഓഫീസർ | 1 | 1 | 1 | 3 |
| 3 | സിവിൽ എക്സൈസ് ഓഫീസർ | 1 | 1 | 1 | 3 |

5. ടി വിഷയത്തിൻമേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ടി വകുപ്പ് ചുവടെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

**'ഇപ്പോൾ ലൈസൻസ് ലഭിച്ചിട്ടുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് സ്ഥാപനങ്ങൾക്കുവേണ്ടി എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, പ്രിവന്റീവ് ഓഫീസർ, സിവിൽ എക്സൈസ് ഓഫീസർ എന്നിവയുടെ മൂന്ന് വീതം തസ്തികകൾ ഒരു വർഷത്തേക്ക് സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നു. പ്രസ്തുത കാലാവധിയ്ക്ക് ശേഷം cost of establishment അടച്ച വിവരങ്ങൾ സഹിതം തുടർച്ചാനുമതി പ്രൊപ്പോസൽ ലഭ്യമാക്കണമെന്നും ഇത്തരത്തിൽ സൃഷ്ടിക്കപ്പെടുന്ന തസ്തികകൾ വകുപ്പിലെ കേഡർ സ്ട്രെങ്ത് കണക്കാക്കാൻ കണക്കിലെടുക്കാൻ പാടില്ല എന്നും അറിയിക്കുന്നു.**

**ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.'**

6. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പുതുതായി രൂപീകരിച്ച വെയർഹൗസിൽ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനക്ക് സമർപ്പിക്കാമോ എന്നതിൽ ഉത്തരവിനായി ഫയൽ ബഹു.എക്സൈസ് വകുപ്പ് മന്ത്രി മുഖേന ചംക്രമണം ചെയ്യപ്പോൾ, ഇക്കാര്യം മന്ത്രിസഭയോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവാകുകയുണ്ടായി.

## തീരുമാനിക്കേണ്ട വിഷയം

ധനകാര്യ വകുപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ, ഒരു വർഷ കാലാവധിയ്ക്ക് ശേഷം cost of establishment അടച്ച വിവരങ്ങൾ സഹിതം തുടർച്ചാനുമതി പ്രൊപ്പോസൽ ലഭ്യമാക്കണമെന്നും ഇത്തരത്തിൽ സൃഷ്ടിക്കപ്പെടുന്ന തസ്തികകൾ വകുപ്പിലെ കേഡർ സ്ട്രെങ്ത് കണക്കാക്കാൻ കണക്കിലെടുക്കാൻ പാടില്ല എന്ന വ്യവസ്ഥയോടെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ പുതുതായി ആരംഭിച്ച കെ.എസ്.ബി.സി എഫ്.എൽ 9 വെയർഹൗസുകളിൽ മേൽ നോട്ടത്തിനായി 3 എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, 3 പ്രിവന്റീവ് ഓഫീസർ, 3 സിവിൽ എക്സൈസ് ഓഫീസർ എന്നീ തസ്തികകൾ ഒരു വർഷത്തേക്ക് സൃഷ്ടിക്കാമോ?